**പതിനാലാം കേരള നിയമസഭ**
**പത്തൊൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ :**499** **03.03.2020**-ലെ മറുപടിക്ക്

## ഒറ്റപ്പാലം കിൻഫ്ര പാർക്കിന്റെ വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി. ഉണ്ണി | ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലം കിൻഫ്ര പാർക്കിന്റെ വികസനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; വിശദാംശം ലഭ്യമാക്കാമോ; | **(എ)** ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് 9 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. കൂടാതെ 60 ഏക്കർ സ്ഥലത്ത് കിൻഫ്ര സ്ഥാപിക്കുന്ന ഡിഫെൻസ് പാർക്കിന്റെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് റോഡ്, 73270 ചതുരശ്ര അടി വിസ്തീർണ്ണമുള്ള അഡ്മിനിസ്ട്രേറ്റീവ് ബിൽഡിംഗ് 328630 ചതുരശ്ര അടി വിസ്തീർണ്ണമുള്ള കോമൺ ഫെസിലിറ്റി സെന്റർ, 19000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വെയർ ഹൗസുകൾ, വൈദ്യുതി, ജലം, എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാം പൂർത്തീകരിച്ചു കഴിഞ്ഞു. പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എല്ലാം തന്നെ അന്തിമ ഘട്ടത്തിലാണ്. |
| (ബി) ഇവിടെ നിലവിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ഏതെല്ലാമെന്നും അറിയിക്കാമോ; | **(ബി)** ഒറ്റപ്പാലം കിൻഫ്ര വ്യവസായ പാർക്കിൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് 9 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്.<br><br>• Shri.Abdul manaf T A<br>• Shri.Asif A<br>• Shri.Sujesh A V |

| | |
|---|---|
| | • Shri.Abu Saalih<br>• M/s Cenova Packaging<br>• M/s Feromach Technology Private Limited<br>• Shri.Muhammed Shahul Hakkeem<br>• M/s Additional Skill Acquisition Programme (ASAP)- Dept of Higher Education<br><u>ബഹുനില ഫാക്ടറി കെട്ടിട സമുച്ചയം</u><br>• M/s Blissful Garments Private Limited |
| (സി) കൂടുതൽ വ്യവസായസ്ഥാപനങ്ങളെ ആകർഷിക്കുന്നതിനായുള്ള ഭൗതിക സാഹചര്യങ്ങൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | **(സി)** പ്രസ്തുത പാർക്കിൽ വ്യവസായങ്ങൾ ആരംഭിക്കുന്നതിനുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാണ്. ഇതിന്റെ അനുബന്ധ അനുമതികൾ ലഭിക്കുന്നതിനുള്ള ഏകജാലക സംവിധാനവും പാർക്കിൽ ലഭ്യമാണ്. |
| (ഡി) പുതിയ വ്യവസായികളെ ആകർഷിക്കുന്നതിനായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ? | **(ഡി)** കിൻഫ്ര പങ്കെടുക്കുന്ന എല്ലാ നിക്ഷേപ സംഗമങ്ങളിലും പ്രസ്തുത പാർക്കിന്റെ അടിസ്ഥാന സൗകര്യങ്ങളെപ്പറ്റിയും മറ്റും വിശദമാക്കാറുണ്ട്. |

Rabna

**സെക്ഷൻ ഓഫീസർ**